പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1065 — 12.07.2016 ലെ മറുപടിയ്ക്ക്

## വളത്തിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വളം ഉല്പാദനം, വിതരണം, വില്പന എന്നിവയ്ക്കായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ലൈസെൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉല്പാദനം, വിതരണം, വില്പന നടത്തുന്ന രാസവളങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ശാലകൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ആയി പ്രവർത്തിച്ചു വരുന്നു.

ഓരോ വർഷവും ലാബിൽ പരിശോധന നടത്താനായി ശേഖരിക്കേണ്ടതായ വളങ്ങളുടെ സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അത് അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ഓഫീസർമാർ ഫെർട്ടിലൈസർ ഇൻസ്പെക്ടർ എന്ന നിലയിൽ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഡിപ്പോകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പ്രസ്തുത ലാബുകളിലേക്ക് അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഗുണനിലവാര പരിശോധനയിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 അനുശാസിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വളങ്ങളുടെ ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവർക്ക് എതിരെ ലൈസെൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കർഷകർക്ക് ലഭിക്കുന്ന ജൈവകീടനാശിനി എന്നിവയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടികളെടുത്തതോടെ, ജൈവ വളങ്ങളും ജൈവ കീടനാശിനികളും കൂടുതലായി ഉപയോഗപ്പെടുത്തുവാൻ കർഷകർ മുന്നോട്ടു വരുന്നുണ്ട്. ഇതുമൂലം, അത്തരത്തിലുള്ള ഉല്പന്നങ്ങളും കൂടുതലായി വില്പനക്കെത്തുന്നുണ്ട്.

നിലവിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 ൽ ഉൾപ്പെട്ടിട്ടുള്ള ജൈവ വളങ്ങൾക്കും, സെൻട്രൽ

ഇൻസെക്റ്റിസൈഡ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ കീടനാശിനികൾക്കും മാത്രമേ ഉല്പാദന, വിതരണ, വില്പന ലൈസൻസ് കൃഷി വകുപ്പ് നൽകുന്നുള്ളൂ. അത്തരം ഉല്പന്നങ്ങൾക്ക് മാത്രമാണ് നിലവിൽ ഗുണപരിശോധനാ സംവിധാനം നിലവിലുള്ളത്. കൂടുതൽ ജൈവ ഉല്പന്നങ്ങൾ വിപണിയിൽ എത്തുന്നതോടെ അവയ്ക്കുള്ള ഗുണപരിശോധന സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

**(സി)** മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാരക്കുറവിനെ പറ്റി കർഷകരിൽ നിന്നും പരാതികൾ ഉയർന്നു വരാറുണ്ട്. ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിനാൽ അവയുടെ ഗുണനിലവാര നിർണ്ണയ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പാലക്കാട് പട്ടാമ്പിയിൽ ഒരു ജൈവജീവാണുവള ഗുണപരിശോധനാ ലാബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(ഡി)** സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും മറ്റു വില്പനക്കാർ, വിതരണക്കാർ എന്നിവർ മുഖേനയും കർഷകരിൽ എത്തുന്ന വളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവരിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ടി പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്ത വളങ്ങൾ ഉല്പാദിപ്പിക്കുന്നവർക്കെതിരെയും വിതരണക്കാർ, വില്പനക്കാർ എന്നിവർക്കെതിരെയും ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ